പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3856

24.06.2014-ൽ മറുപടിയ്ക്ക്

## വ്യവഹാര നയം

**ചോദ്യം**

ശ്രീ ലൂഡി ലൂയിസ്

ശ്രീ അൻവർ സാദത്ത്

ശ്രീ ബെന്നി ബെഹനാൻ

ശ്രീ പാലോട് രവി

**ഉത്തരം**

ശ്രീ.കെ.എം.മാണി

ബഹു.ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് വ്യവഹാര നയം നടപ്പാക്കിയിട്ടുണ്ടോ; | 03.12.2011 തീയതിയിലെ സ.ഉ(അച്ചടി) നമ്പർ 12/2011/നിയമം പ്രകാരം സംസ്ഥാന വ്യവഹാരനയം നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | സംസ്ഥാന വ്യവഹാരനയത്തിന്റെ പ്രധാന ലക്ഷ്യം സംസ്ഥാന സർക്കാരിനെ കൂടുതൽ കാര്യക്ഷമവും ഉത്തരവാദിത്വവുമുള്ള വ്യവഹാരിയാക്കി മാറ്റുകയും സർക്കാർ കക്ഷിയായുള്ള കേസുകൾ തീർപ്പാക്കുന്നതിനുള്ള ശരാശരി കാലാവധി പതിനഞ്ച് വർഷത്തിൽ നിന്നും മൂന്ന് വർഷമായി കുറയ്ക്കുക എന്നതും ആണ്. കൂടാതെ കേസുകളുടെ നടത്തിപ്പ് ഏകോപിതമായും സമയ ബന്ധിതമായും പൂർത്തിയാക്കുകയും ശരിയായ കേസ്സുകൾ സമയ ഫലപ്രദമായി നടത്തുകയും അനാവശ്യ |

| | | |
|---|---|---|
| | | വ്യവഹാരങ്ങൾ പ്രോത്സാഹിപ്പിക്കാതിരിക്കുകയും വഴി സംസ്ഥാന ഖജനാവിന് കേസ് നടത്തിപ്പിൽ വരുന്ന ഭീമമായ ചെലവ് ലഘൂകരിക്കുകയും ചെയ്യുക എന്നതുമാണ്. |
| (സി) | സർക്കാർ കക്ഷിയായിട്ടുള്ള കേസ്സുകളിൽ തീർപ്പ് കൽപ്പിക്കുന്നതിനും അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | സംസ്ഥാന വ്യവഹാരനയത്തിന്റെ യഥാർത്ഥ ലക്ഷ്യം കൈവരിക്കുന്നതിനായി എല്ലാ ജില്ലകളിലും താലൂക്ക്തല എംപവേർഡ് കമ്മിറ്റികളും, ജില്ലാതല എംപവേർഡ് . കമ്മിറ്റികളും, സംസ്ഥാനതല എംപവേർഡ് കമ്മിറ്റികളും രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റികൾ സർക്കാർ കക്ഷിയായിട്ടുള്ള എല്ലാ കേസുകളും പരിശോധിക്കുകയും അവയിൽ അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനായി ലോക് അദാലത്ത് വഴിയോ ബദൽ തർക്ക പരിഹാര സംവിധാനങ്ങൾ വഴിയോ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും അതു സംബന്ധിച്ച് ശിപാർശ നിയമ വകുപ്പിന് നൽകേണ്ടതാണ്. താലൂക്ക്തല എംപവേർഡ് കമ്മിറ്റിയുടെ ചെയർമാൻ ബന്ധപ്പെട്ട തഹസിൽദാർ ആയിരിക്കും, ജില്ലാതല എംപവേർഡ് കമ്മിറ്റിയുടെ ചെയർമാൻ ജില്ലാ കളക്ടറും, മെമ്പർ സെക്രട്ടറി ജില്ലാ ലാ ആഫീസറുമാണ്. നിലവിൽ എട്ട് ജില്ലകളിൽ ജില്ലാ ലാ ആഫീസറുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ശേഷിക്കുന്ന ജില്ലകളിൽ അവ സൃഷ്ടിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യവഹാര നയം നടപ്പിലാക്കുന്നതിൽ നിയമ (നോഡൽ) ആഫീസറുടെ ചുമതലകളും, ഉത്തരവാദിത്വങ്ങളും നയത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയുടെ |

| | | |
|---|---|---|
| | | ചെയർമാൻ അഡ്വക്കേറ്റ് ജനറലും, മെംബർ സെക്രട്ടറി നിയമ സെക്രട്ടറിയുമാണ്. സർക്കാർ കക്ഷിയായുള്ള കേസ്സുകളിൽ സത്യവാങ്മൂലമോ, പത്രികയോ മറ്റും ഫയൽ ചെയ്യുന്നതിനായി അനാവശ്യമായി അവധിയ്ക്ക് അപേക്ഷിക്കുന്നത് കർശനമായി ഒഴിവാക്കുവാൻ വ്യവഹാര നയത്തിൽ നിർദ്ദേശമുണ്ട്. കോടതികളിൽ സർക്കാരിനായി സമർപ്പിക്കേണ്ട സംഗതികൾ യഥാസമയം അതാതു വകുപ്പുകളുമായി ബന്ധപ്പെട്ട കൃത്യമായുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനും അവ ഫയൽ ചെയ്യുന്നതിനും വേണ്ടിയുള്ള നിർദ്ദേശം വ്യവഹാര നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത കാര്യങ്ങൾ ഏകോപിപ്പിച്ച് കോടതി വ്യവഹാരം കാര്യക്ഷമമായി നടത്തിക്കുന്നതിന് നിയമ (നോഡൽ) ആഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാർ കക്ഷിയായുള്ള കേസ്സുകൾ മാറ്റിവെക്കുന്നതിനു വേണ്ടി കോടതി സർക്കാരിനെതിരെ പിഴ ചുമത്തുന്നത് ഗൗരവമായി കാണുന്നതും അത്തരം സാഹചര്യത്തിൽ വകുപ്പ് തലവൻ എംപവേർഡ് കമ്മിറ്റി മുൻപാകെ വിശദീകരണം നൽകേണ്ടതുമാണ്. ഏത് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നാണോ വീഴ്ച ഉണ്ടായതെന്ന് പരിശോധിച്ച് പ്രസ്തുത ഉദ്യോഗസ്ഥരിൽ നിന്നും പിഴ തുക ഈടാക്കുന്നതുമാണ്. |
| (ഡി) | നയം നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി താലൂക്ക് അടിസ്ഥാനത്തിലും, ജില്ലാ അടിസ്ഥാനത്തിലും, ഓരോ എംപവേർഡ് കമ്മിറ്റി വീതം രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ റിപ്പോർട്ടുകളും നിർദ്ദേശങ്ങളും പരിശോധിച്ച് |

| | | |
|---|---|---|
| | | വേണ്ട നടപടികളും നിർദ്ദേശങ്ങളും നൽകുന്നതിന് വേണ്ടി സംസ്ഥാനതല എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേരണമെന്ന് വ്യവഹാര നയത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും കമ്മിറ്റികൾ കൂടുകയും സർക്കാർ കക്ഷിയായിട്ടുള്ള കേസുകളുടെ നടത്തിപ്പ് വിശകലനം ചെയ്യാറുമുണ്ട്. സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകളിൽ ഇപ്പോൾ ജോലി ചെയ്യുന്ന ലാ ആഫീസർമാരെ നിയമ (നോഡൽ) ആഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിലവിൽ ലാ ആഫീസർ ഇല്ലാത്ത വകുപ്പുകളിൽ നിയമ (നോഡൽ) ആഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ എട്ട് ജില്ലകളിൽ നിയമ (നോഡൽ) ആഫീസർമാരെ നിയമിച്ചിട്ടുണ്ട്. മറ്റ് ആറു ജില്ലകളിൽ കൂടി നിയമ (നോഡൽ) ആഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ആഫീസർ**